**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 606** **05-10-2021 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കയർ മേഖലയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പരമ്പരാഗത കയർ വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും പരമ്പരാഗത കയർ തൊഴിലാളികളുടെ ഉന്നമനത്തിനും വേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുന:സംഘടന. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും, കൂലിയും സംരക്ഷിച്ച് സംപൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. നിലവിൽ തൊണ്ട് സംഭരണം ശക്തിപ്പെടുത്തിയും പൂർണ്ണമായും യന്ത്രവൽക്കരണം നടപ്പിലാക്കിയും പരമാവധി ചകിരി ഉല്പാദിപ്പിച്ചും ഈ പദ്ധതി വിജയകരമായി നടപ്പാക്കി വരുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡി.എഫ്. യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലും, 27 ഡി.എഫ്. മില്ലുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു-വരികയാണ്. കൂടാതെ സ്വകാര്യ സംരംഭകരും, സർവ്വീസ് സഹകരണ |

| | | | |
|---|---|---|---|
| | | | ബാങ്കുകളും 80 പുതിയ ഡി.എഫ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019-ൽ ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. സംഘങ്ങൾക്കാവശ്യമായ ചകിരി ലഭ്യമാക്കുന്നതിന് കയർഫെഡ് ഇ - ടെണ്ടർ വഴി പ്രൈസ് ഡിസ്കവറി സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. നിശ്ചയിച്ചിട്ടുള്ള ഗുണമേൻമ ഉറപ്പാക്കി വർഷം മുഴുവൻ വിലവ്യത്യാസം കൂടാതെ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കുന്നതിന് ഇതു വഴി സാധിച്ചുവരുന്നുണ്ട് . 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. 100 സംഘങ്ങളിൽ 1000 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. കൂടാതെ ഉൽപ്പന്ന മേഖലയിലെ കയർ സഹകരണ സംഘങ്ങളെ നവീകരിക്കുന്ന-തിനായി അടിസ്ഥാന സൗകര്യം വികസിപ്പിച്ച് കൊണ്ട് ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. ഉൽപ്പാദിപ്പിച്ച കയറിന് വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.- ഇ.ജി.എസ്-മായി ചേർന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മണ്ണ് ജല സംരക്ഷണ പദ്ധതിയും റോഡ് നിർമ്മാണത്തിനും കയർഭൂവസ്ത്ര പദ്ധതി നടപ്പിലാക്കി വരുന്നു. പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയർ ഉല്പാദനത്തിന് കൂലിയുടെ ഒരു വിഹിതം വരുമാനം ഉറപ്പാക്കൽ എന്ന രീതിയിൽ സർക്കാർ വഹിച്ചുവരുന്നുണ്ട് . കേരളത്തിലെ കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലക്ക് ആനുപാതികമായി പ്രൈസ് ഫ്ലക്ച്വേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും കയർഫെഡ് വിൽപ്പന നടത്തി വരുന്നു. |
| (ബി) | കാലങ്ങളായി പ്രവർത്തനരഹിതമായി കിടക്കുന്ന കയർ സഹകരണ സംഘങ്ങളുടെ കെട്ടിടങ്ങളും ഭൂമിയും പ്രയോജനപ്രദമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ വിശദമാക്കാമോ? | (ബി) | കേരള സഹകരണ നിയമം വകുപ്പ് 72 പ്രകാരം ഒരു സംഘത്തിൽ സമാപ്തീകരണ-ത്തിനായി ലിക്വിഡേറ്ററെ നിയമിച്ചു കഴിഞ്ഞാൽ, ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാനും ലിക്വിഡേഷൻ നടപടികൾക്ക് വിധേയമായ സംഘത്തിന്റെ സ്ഥാവര വസ്തുക്കൾ ഉപയോഗപ്രദമാക്കുവാനും സാധിക്കുകയുള്ളൂ. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ സംഘങ്ങളൊന്നും തന്നെ സമാപ്തീകരിച്ചിട്ടില്ല. ലിക്വിഡേഷനിൽ ആയി കഴിഞ്ഞാൽ സഹകരണ |

| | | | |
|---|---|---|---|
| | | | നിയമം വകുപ്പ് 101 അനുസരിച്ച് സഹകരണ സംഘത്തിൽ സർക്കാരിന് ഇടപ്പെട്ട് സംഘം വക ഭൂമി ബാധ്യത തീർത്ത് ഉപയോഗപ്പെടുത്താൻ സാധിക്കുന്നതാണ്. ഇത്തരത്തിൽ ദീർഘ-കാലമായി അടഞ്ഞു-കിടക്കുന്ന സംഘങ്ങളെ തൊട്ടടുത്തുള്ള പ്രവർത്തനമുള്ള സംഘങ്ങളുമായി സംയോജിപ്പിച്ചും (അമാൽഗമേഷൻ), ഡി.എഫ്. മില്ലുകൾ, മറ്റു മെഷിനറികൾ എന്നിവ സ്ഥാപിക്കുന്നതിന് സംഘങ്ങളുടെ ഭൂമി ഉപയോഗിക്കുന്നതിനും ശ്രമിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ